പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5023 — 28/10/2016 ൽ മറുപടിയ്ക്ക്

കാർഷിക ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് കസ്റ്റമൈസ്ഡ് സ്റ്റാൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. ജോർജ്ജ് | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും (പി.എസ്.യു.) കാർഷിക സർവ്വകലാശാലയും ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത വസ്തുക്കളുടെയും കൃഷിയാവശ്യത്തിനായുള്ള വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാനത്തുടനീളം ഉപഭോക്താക്കളുടെ ആവശ്യത്തിനനുസൃതമായ സ്റ്റാളുകൾ (കസ്റ്റമൈസ്ഡ് സ്റ്റാൾ) തുറക്കുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വിവരിക്കാമോ;<br>(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടിസ്വീകരിക്കുമോ? | (എ) & (ബി) | കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകളുടേയും പൊതു മേഖലാ സ്ഥാപനങ്ങളുടേയും കാർഷിക സർവ്വകലാ ശാലയുടേയും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ അഗ്രോ ബസാറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ആദ്യ ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് അഗ്രോ ബസാറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ആദ്യ അഗ്രോ ബസാർ ഈ സാമ്പത്തിക വർഷത്തിൽ തന്നെ തൃശ്ശൂർ ജില്ലയിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ